"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ചൂളന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ - പീച്ചി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ.വി.സജികുമാറിനെതിരെയുള്ള അച്ചടക്ക നടപടി - അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.120/2021/വനം** തിരുവനന്തപുരം, തീയതി, 19/04/2021

---

പരാമർശം:- (1) 06.12.2013-ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഡയറക്ടറുടെ ഇ9 (ക്യൂവി 31/12/പികെഡി)3592/12 നമ്പർ കത്ത്.

(2) 25.06.2015 ലെ വിജിലൻസ് വകുപ്പിന്റെ 258/ഇ4/2014/വിജി നമ്പർ കത്ത്

(3) 17.05.2016 ലെ 8436/എ1/2015/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.

(4) 26.07.2016 തീയതിയായി ശ്രീ.വി.സജികുമാർ, വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച പ്രതിവാദ പത്രിക.

(5) 18.04.2018-ലെ സ.ഉ.(സാധാ)നം. 179/2018/വനം നമ്പർ സർക്കാർ ഉത്തരവ്

(6) 1.03.2019 തീയതിയായി പറമ്പിക്കുളം ഡെപ്യൂട്ടി ഡയറക്ടറും (പ്രോജക്ട് ടൈഗർ) അന്വേഷണാധികാരിയുമായ ശ്രീ.പി.വി.മധുസൂധനൻ, ഐ.എഫ്.എസ്. സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

(7) 11.04.2019, 19.10.2020 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-36392/15 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ചൂളന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ക്വിക്ക് വെരിഫിക്കേഷൻ നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. ടി റിപ്പോർട്ടിലെ ശുപാർശ അംഗീകരിച്ച് മറ്റ് കുറ്റാരോപിതർക്കൊപ്പം അന്നത്തെ പീച്ചി അസിസ്റ്റന്റ്

വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ. വി. സജികുമാറിന് (നിലവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) താഴെപ്പറയുന്ന ചാർജ്ജുകൾ ഉൾപ്പെടുത്തി പരാമർ ശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) He neither supervise nor properly monitor the construction work of Nature awareness

Camp shed at Choolannur Peafowl Sanctuary which collapsed after 3 years of its construction.

(ii) His lack of supervision caused a Government loss to the tune of Rs.1,16,107/-

(iii) He miserably failed in doing your duties which amounts to dereliction of duty.

2) കുറ്റപത്രത്തിന് ടിയാന് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയും അതിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), പാലക്കാട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിക്കുകയും ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും കുറ്റാരോപിതർക്ക് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം കൂടി നൽകുന്നതിന്റെ ഭാഗമായും പരാമർശം (5) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

3) അന്വേഷണാധികാരി പരാമർ ശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ പരാമർശം (7) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായം അറിയിച്ചു. ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

03.01.2009 മുതൽ 15.11.2009 വരെയുള്ള കാലയളവിലാണ് പ്രകൃതി പഠന ക്യാമ്പ് ഷെഡിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. 03.01.2009 മുതൽ 27.07.2009 വരെയും ശ്രീ. സജികുമാറാണ് പീച്ചി അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ ആയിരുന്നത്. 03.01.2009 മുതൽ 30.01.2009 വരെയുള്ള ഒരു മാസംകൊണ്ട് പൂർത്തിയായ കെട്ടിടത്തിന്റെ സിൽലെവൽ വരെയുള്ള പ്രവൃത്തികൾ ടിയാൻ 06.01.09, 18.01.09, 30.01.09 എന്നീ തീയതികളിൽ പരിശോധിച്ച് അളവ് രേഖപ്പെടുത്തി ബിൽ സമർപ്പിച്ചിട്ടുള്ളതാണ്. പിന്നീടുള്ള ആറുമാസക്കാലം കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടന്നതായോ ബിൽ സമർപ്പിച്ചതായോ കാണുന്നില്ല. മഴക്കാലമായതിനാലും തൊഴിലാളികളുടെ ലഭ്യതക്കുറവും സാമ്പത്തിക പ്രശ്നവും കാരണം കോൺട്രാക്ടറുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം മൂലമാണ് ടിയാന്റെ കാലയളവിൽ പണി പൂർത്തിയാക്കാൻ കഴിയാതിരുന്നത്. കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മാണം നടന്നിട്ടുള്ളത് ടിയാന് ചാർജ്ജ് വിട്ടതിനുശേഷമാണ്. ശ്രീ. സജികുമാർ മേൽനോട്ടം വഹിച്ച സിൽലെവൽ വരെയുള്ള ഭാഗത്തിന് തകർച്ച നേരിട്ടതായി കാണുന്നില്ല. മേൽ വസ്തുതകളിൽ നിന്നും ടിയാനെതിരെയുള്ള ചാർജ്ജുകൾ നിലനിൽക്കുന്നതല്ല.

4) 2009 നവംബർ മാസത്തിൽ പണി പൂർത്തിയാക്കിയ ടി കെട്ടിടം 3 വർഷം ആയപ്പോൾ (2012) തന്നെ തകർന്നു വീഴുകയാണുണ്ടായത്, 25.11.2019-ലെ സ. ഉ. (പി) നം. 161/19/ഫിൻ പ്രകാരം സിവിൽ വർക്കുകളുമായി ബന്ധപ്പെട്ട് കോൺട്രാക്ടറുടെ ഡിഫെക്റ്റ് ലയബിലിറ്റി പീരീഡ് 5 വർഷത്തോളം നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട സർക്കാർ നഷ്ടം കോൺട്രാക്ടറിൽ നിന്നും ഈടാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (7)-ലെ 19.10.2020-ലെ കത്ത് പ്രകാരം അഭിപ്രായപ്പെട്ടു.

5) അന്വേഷണ റിപ്പോർട്ടും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള സർക്കാർ നഷ്ടത്തിന് പൂർണ്ണമായും ഉത്തരവാദി കരാറുകാരനായതിനാൽ, സർക്കാർ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് സർക്കാർ തീരുമാനിക്കുന്നു. ശ്രീ. വി. സജികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിനെതിരെയുള്ള ചാർജ്ജുകൾ ഔപചാരികാന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടില്ലാത്തിനാൽ ഇക്കാര്യത്തിൽ ടിയാൻ കുറ്റക്കാരനല്ല എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ശ്രീ. വി. സജികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഈ വിഷയത്തിൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ഈ വിഷയവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സർക്കാർ നഷ്ടം കാരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള സത്വരനടപടി വനം മേധാവി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലുൾപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിൽ തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAJEEVAN M K**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. വി. സജികുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ് (25.06.2015 ലെ 258/ഇ4/2014/വിജി നമ്പർ കത്ത് പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (എഫ്.) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by CHITHRA G S
Date: 2021.04.21 14:00:25 IST
Reason: Approved